<table>
<tr><td></td><td></td><td></td><td>
<table>
<tr><td>IV</td><td>20</td><td>10</td></tr>
<tr><td>V</td><td>1</td><td>1</td></tr>
<tr><td>VI</td><td>2</td><td>1</td></tr>
<tr><td>VII</td><td>100</td><td>50</td></tr>
<tr><td>VIII</td><td>5 കോടി ഉൽപാദകർക്ക്<br>1 കോടി വിതരണക്കാർക്ക്</td><td>2.5 കോടി ഉൽപാദകർക്ക്<br>1 കോടി വിതരണക്കാർക്ക്</td></tr>
</table>
കേരളത്തിലെ ചെറുകിട മരുന്നുൽപാദകർക്ക് 50 ലക്ഷം മാത്രം
</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപ കൂടുതലായിട്ടാണ് നിജപ്പെടുത്തിയത്; വിശദാംശം വ്യക്തമാക്കുമോ;</td><td>(ഡി)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) ബഡ്ജറ്റിൽ 145 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2011-12 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 174 കോടി രൂപയാണ് മരുന്ന് സംഭരണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത്.</td></tr>
<tr><td>(ഇ)</td><td>ഇപ്രകാരം കൂടുതലായി നിജപ്പെടുത്തിയത് ചെറുകിട മരുന്ന് ഉല്പാദനകരെ പ്രസ്തുത ടെണ്ടർ നടപടികളിൽനിന്നും അകറ്റുന്നതിന് ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതുമൂലം കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എത്ര ഇനം മരുന്നുകൾക്ക് ഈ സാമ്പത്തിക വർഷം അധിക വില നൽകേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?</td><td>(ഇ)</td><td>കേരളത്തിലെ ചെറുകിട മരുന്ന് സംരഭകർക്ക് ടെണ്ടറിൽ പങ്കെടുക്കുവാനുള്ള വാർഷിക വിറ്റുവരവ് 50 ലക്ഷം രൂപയായിട്ടാണ് നിജപ്പെടുത്തിയത്. ആയതിനാൽ അവർക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷത്തെ ടെണ്ടർ നടപടികളിൽ 11 ചെറുകിട മരുന്ന് സംരഭകർ പങ്കെടുക്കുകയുണ്ടായി.</td></tr>
</table>

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.638 | 08.03.2012 ൽ മറുപടിക്ക്

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടത്തുന്ന മരുന്ന് സംഭരണം

**ചോദ്യം**
ശ്രീമതി കെ. എസ്. സലീഖ

**മറുപടി**
ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടത്തുന്ന മരുന്ന് സംഭരണത്തിൽ എത്ര കോടി രൂപയുടെ നഷ്ടം വരികയുണ്ടായി; വിശദമാക്കമോ; | (എ) & (ബി) | സർക്കാർ സൌജന്യമായി നൽകേണ്ട മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുക എന്നതാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ദൌത്യം ഇതിൽ ലാഭമോ നഷ്ടമോ ഉണ്ടാകുന്നില്ല. |
| (ബി) | വൻകിട മരുന്ന് കമ്പനികളെ ചേർത്ത് ടെണ്ടർ നടപടികളിൽ അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തിയതു കൊണ്ടാണോ ഈ നഷ്ടം സംഭവിച്ചത്; | | |
| (സി) | ടെണ്ടറിൽ പങ്കെടുക്കുന്ന മരുന്ന് കമ്പനികളുടെ വാർഷിക വിറ്റുവരവ് എത്ര കോടി രൂപ മുതൽ എത്ര കോടി രൂപ വരെ ആയിട്ടാണ് നിജപ്പെടുത്തിയിരുന്നത്; | (സി) | ടെണ്ടറിൽ പങ്കെടുക്കുന്നതിന് ഓരോ വിഭാഗത്തിലും യോഗ്യത നേടാനായുള്ള കമ്പനികളുടെ വാർഷിക വിറ്റുവരവ് ചുവടെ ചേർക്കുന്നു. |

| കാറ്റഗറി | വാർഷിക വിറ്റുവരവ് | |
|---|---|---|
| | ടെൻഡർ (2011-12) കോടി | റീടെൻഡർ (2011-12) കോടി |
| I | 20 | 10 |
| II | 20 | 10 |
| III | 50 | 25 |